# കേരാമൃതത്തിലൂടെ സാക്ഷാത്കരിച്ചത് കേരകർഷകരുടെ സ്വപ്നം -മുഖ്യമന്ത്രി

തിരുവനന്തപുരം: 'നീര'യുടെ ശാസ്ത്രീയ സംസ്കരണത്തിലൂടെ കാർഷിക സർവകലാശാല കേരാമൃതം വികസിപ്പിച്ചെടുക്കുകവഴി കേരകർഷകരുടെ സ്വപ്നമാണ് സാക്ഷാത്കരിച്ചതെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു.

കേരാമൃതം എന്ന പേരിലുള്ള 'നീര'യുടെ ഔദ്യോഗിക സമർപ്പണം നടത്തുകയായിരുന്നു മുഖ്യമന്ത്രി.

പള്ളിച്ചൽ സംഘമൈത്രി കാർഷികസംഘം ചെയർമാൻ ബാലചന്ദ്രൻ നായർക്ക് നൽകിയാണ് മുഖ്യമന്ത്രി 'നീര' സമർപ്പിച്ചത്. നീര ഉത്പാദനത്തിലൂടെ കള്ളുചെത്ത് തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ നോക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ഇതിനായി ശ്രമിച്ച എക്സൈസ്, കൃഷി വകുപ്പുകളെ അദ്ദേഹം അഭിനന്ദിച്ചു. ചടങ്ങിൽ തെങ്ങ്, നെല്ല്, പച്ചക്കറി എന്നിവയിലെ പുതിയ ഇനങ്ങൾ പുറത്തിറക്കി.

തെങ്ങിന്റെയും നെല്ലിന്റെയും സുഗന്ധവിളകളുടെയും പുതിയ ഇനങ്ങൾ പ്രമുഖ കർഷകർക്ക് നൽകി.

നീര, നീരയിൽനിന്നുള്ള ക്കര തുടങ്ങിയ കേരാധിഷ്ഠി മൂല്യവർധിത ഉത്പന്നങ്ങ ടെയും നടിൽവസ്തുക്കളു യും പ്രദർശനം, വിപണന എന്നിവയും ഉണ്ടായിരുന്നു.



നീര – കേരാമൃതം ഔദ്യോഗിക സമർപ്പണച്ചടങ്ങ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു